<u>ഭരണഭാഷ-മാതൃഭാഷ</u>


## എടവക ഗ്രാമ പഞ്ചായത്ത്
## പിൻ കോഡ്- 670645
## GSTIN:32AAALE0554H1ZN ഫോൺ നമ്പർ : 0493-5294366
## gpedavaka@gmail.com


**നമ്പർ: 5034840-2025** **തീയതി : 13-10-2025**

**<u>വിജ്ഞാപനം</u>**

**വിഷയം:**2025 ലെ കേരളപഞ്ചായത്ത് രാജ്(സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങൾ

എടവക ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രാബല്യത്തിൽ വന്നത് സംബന്ധിച്ച്

.

**സൂചന:**1.ബഹു. കേരള സർക്കാരിൻറെ 14-08-2025 തിയ്യതിയിലെ സ.ഉ (അച്ചടി)

നം.46/2025/LSGD നമ്പർ വിജ്ഞാപനം

2.എടവക ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 15/09/2025 തിയ്യതിയിലെ

5 (1)നമ്പർ തീരുമാനം.

മേൽ സൂചന 1 വിജ്ഞാപന പ്രകാരം കേരള സംസ്ഥാനത്ത് 2025 ലെ കേരള പഞ്ചായത്ത് രാജ് സംരംഭങ്ങൾക്ക് (ലൈസൻസ് നൽകൽ) ചട്ടങ്ങൾ കേരള സംസ്ഥാനത്ത് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻറെ ഭാഗമായി ചട്ടം 3ന് വിധേയമായി സൂചന 2 പ്രകാരം ചുവടെപ്പറയുന്ന വസ്തുതകൾ എടവക ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പൊതുജനങ്ങൾക്കായി വിജ്ഞാപനം ചെയ്തു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

1. എടവക ഗ്രാമപഞ്ചായത്ത് പ്രദേശത്തെ യാതൊരു സ്ഥലമോ കെട്ടിടമോ ഒന്നോ അതിലധികമോ സേവന ആവശ്യങ്ങൾക്കോ വ്യാപാര-വാണിജ്യ പ്രവർത്തനങ്ങൾക്കോ ഉപയോഗിക്കുന്നതിന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 232 ആം വകുപ്പ് പ്രകാരം സെക്രട്ടറി നല്കുന്ന ലൈസൻസ് നിർബന്ധമായും എടുത്തിരിക്കേണ്ടതാണ്.

2. സൂചന ചട്ടങ്ങളിലെ കാറ്റഗറി 2 വിഭാഗത്തിൽ പെട്ട വ്യാപാര സംരംഭങ്ങളിൽ നാളിത് വരെ ലൈസൻസ് എടുത്തിട്ടില്ലാത്ത സംരംഭകർ ഈ വിജ്ഞാപന തിയ്യതി മുതൽ 30 ദിവസത്തിനുള്ളിൽ കെ-സ്മാർട്ട് വഴി സ്വന്തം ലോഗിനിൽ നിന്ന് ഓൺലൈൻ ആയി അപേക്ഷയും അനുബന്ധ രേഖകളും സമർപ്പിച്ച് നിശ്ചിത ഫീസ് ഒടുക്കി ലൈസൻസ് എടുക്കേണ്ടതും അതിൻറെ ഒരു പകർപ്പ് സംരംഭം നടത്തുന്ന സ്ഥലത്ത് നിർബന്ധമായും സൂക്ഷിക്കേണ്ടതുമാണ്.

3. ഈ വിജ്ഞാപന തിയ്യതിയ്ക്ക് ശേഷം എടവക ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഏതെങ്കിലും സ്ഥലമോ കെട്ടിടമോ കാറ്റഗറി രണ്ട് വിഭാഗത്തിൽപ്പെട്ട വ്യാപാര സംരംഭ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ച് പുതുതായി തുടങ്ങാൻ ഉദ്ദേശിക്കുന്ന തിയ്യതിക്ക് 15 ദിവസങ്ങൾക്ക് മുമ്പ് കെ-സ്മാർട്ട് വഴി സ്വന്തം ലോഗിനിൽ നിന്ന്

ഓൺലൈൻ ആയി അപേക്ഷയും അനുബന്ധ രേഖകളും സമർപ്പിച്ച് നിശ്ചിത ഫീസ് ഒടുക്കി ലൈസൻസ് എടുക്കേണ്ടതും അതിൻറെ ഒരു പകർപ്പ് സംരംഭം നടത്തുന്ന സ്ഥലത്ത് നിർബന്ധമായും സൂക്ഷിക്കേണ്ടതുമാണ്.

4. വാഹനങ്ങൾ ഉപയോഗിച്ച് റസ്റ്റോറൻറുകൾ, തട്ടുകടകൾ, മറ്റ് സംരംഭങ്ങൾ എന്നിവ നടത്തുന്നവർക്കും ടി വ്യവസ്ഥകൾ ബാധകമാണ്.

5. സൂചന ചട്ടങ്ങളിലെ കാറ്റഗറി ഒന്ന് വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്ന തിയ്യതിയ്ക്ക് 45 ദിവസങ്ങൾക്ക് മുമ്പായി വകുപ്പ് 233 പ്രകാരമുള്ള ഗ്രാമപഞ്ചായത്തിൻറെ അനുമതിക്കായി സെക്രട്ടറിയ്ക്ക് അപേക്ഷ നൽകേണ്ടതാണ്.

6. കാറ്റഗറി ഒന്ന് പ്രകാരമുള്ള സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് പഞ്ചായത്തിൻറെ അനുമതി ലഭിച്ച സംരംഭകർ അവ സ്ഥാപിച്ച ശേഷം അവയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൻറെയോ, മറ്റ് വകുപ്പുകളോ സ്ഥാപനങ്ങളോ നല്കേണ്ട അനുമതികളും നിരാക്ഷേപ പത്രങ്ങളും നേടിയ ശേഷം മേൽപ്പറഞ്ഞ പ്രകാരം ഓൺലൈൻ ആയി അപേക്ഷ സമർപ്പിച്ച് ലൈസൻസ് എടുത്തിരിക്കേണ്ടതാണ്.

7. നിലവിൽ ലൈസൻസ് ഉള്ളതോ പുതിയതായി ലൈസൻസ് എടുക്കുന്നതോ ആയ സ്ഥാപനങ്ങൾ പ്രസ്തുത ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് 30 ദിവസം മുമ്പായി നിശ്ചിത ഫീസ് സഹിതം സ്വയം സാക്ഷ്യപത്രം സമർപ്പിക്കുന്ന മുറയ്ക്ക് ലൈസൻസ്/രജിസ്ട്രേഷൻ ലഭിക്കുന്നതാണ്.

8. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് വൈറ്റ്/ഗ്രീൻ വിഭാഗമായി പ്രഖ്യാപിച്ചിട്ടുള്ള ഫാക്ടറി/ വ്യവസായം/ വർക്ക് ഷോപ്പ് എന്നിവയ്ക്ക് ലൈസൻസോ അനുമതിയോ ലൈസൻസോ ആവശ്യമില്ലാത്തതാണ്. എന്നാൽ അത്തരം സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള രജിസ്ട്രേഷൻ ഫീ ഒടുക്കി ഓൺലൈൻ ആയി അപേക്ഷ നല്കി സംരംഭക രജിസ്ട്രേഷൻ സർട്ടിഫിക്കേറ്റ് കരസ്ഥമാക്കേണ്ടതും രജിസ്ട്രേഷൻ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ആയത് പുതുക്കേണ്ടതുമാണ്.

9. പഞ്ചായത്ത് പ്രദേശത്ത് നടത്തുന്ന വ്യാപാര സംരംഭക പ്രവർത്തനങ്ങൾക്ക് മതിയായ രേഖകൾ സമർപ്പിച്ച് നിശ്ചിത ഫീസ് പൂർണ്ണമായി അടയ്ക്കുന്ന സംരംഭങ്ങൾക്ക് സംരംഭകൻ ആവശ്യപ്പെടുന്ന പക്ഷം പരമാവധി അഞ്ചു വർഷം വരെയുള്ള കാലാവധിക്ക് ലൈസൻസ് ലഭിക്കുന്നതാണ്. എന്നാൽ സംരംഭത്തിന് ഹരിത കർമ്മ സേനയുടെ യൂസർ ഫീ, തൊഴിൽ നികുതി മുതലായവ കുടിശ്ശികയാകുന്ന പക്ഷം ടി ലൈസൻസ് റദ്ദാവുന്നതാണ്.

10. എടവക ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ലൈസൻസിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളവ ഒഴികെ ലൈസൻസോ/ അനുമതിയോ/ രജിസ്ട്രേഷനോ കൂടാതെ യാതൊരുവിധ സംരംഭവും പ്രവർത്തിക്കാൻ പാടുള്ളതല്ല. അപ്രകാരം പ്രവർത്തിക്കുന്ന വ്യക്തികൾ/ സ്ഥാപനങ്ങൾക്കെതിരെ പിഴ, പ്രോസിക്യൂഷൻ മുതലായ നടപടികൾ സ്വീകരിക്കുന്നതാണ്.

11. ഈ വിജ്ഞാപനത്തിലെ നിർദ്ദേശങ്ങൾക്ക് 03/10/2025 തിയ്യതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്

ഉത്തരവിൻ പ്രകാരം

**(പട്ടിക1)**

**(ഫീസ് പട്ടിക 3)**

| ക്രമ നമ്പർ | വിഭാഗം | 1 വർഷത്തേക്ക് ചുമത്തുന്ന ലൈസൻസ് ഫീ |
|---|---|---|
| 1 | മൂലധന നിക്ഷേപം 1 ലക്ഷം വരെ | 100 രൂപ |

| | | |
|---|---|---|
| 2 | മൂലധന നിക്ഷേപം 1 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 5 ലക്ഷം രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 200 രൂപ |
| 3 | മൂലധന നിക്ഷേപം 5 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 15 ലക്ഷം രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 300 രൂപ |
| 4 | മൂലധന നിക്ഷേപം 15 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 25 ലക്ഷം രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 500 രൂപ |
| 5 | മൂലധന നിക്ഷേപം 25 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 1 കോടി രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 1000 രൂപ |
| 6 | മൂലധന നിക്ഷേപം 1 കോടി രൂപയിൽ കൂടുതലായതും എന്നാൽ 5 കോടി രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 5000 |
| 7 | മൂലധന നിക്ഷേപം 5 കോടി രൂപയിൽ കൂടുതലായതും എന്നാൽ 10 കോടി രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 10000 |
| 8 | മൂലധന നിക്ഷേപം 10 കോടി രൂപയിൽ കൂടുതലുള്ള സംരംഭങ്ങൾ | 15000 |

**കാറ്റഗറി 2 സംരംഭങ്ങൾക്ക് ചുമത്തുന്ന 1 വർഷത്തേക്ക് ചുമത്തുന്ന ലൈസൻസ് ഫീ**

**(പട്ടിക1)**

**(ഫീസ് പട്ടിക 3)**

| ക്രമ നമ്പർ | വിഭാഗം | 1 വർഷത്തേക്ക് ചുമത്തുന്ന ലൈസൻസ് ഫീ |
|---|---|---|
| 1 | മൂലധന നിക്ഷേപം 1 ലക്ഷം വരെ | 100 രൂപ |
| 2 | മൂലധന നിക്ഷേപം 1 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 5 ലക്ഷം രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 200 രൂപ |
| 3 | മൂലധന നിക്ഷേപം 5 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 15 ലക്ഷം രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 300 രൂപ |
| 4 | മൂലധന നിക്ഷേപം 15 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 25 ലക്ഷം രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 500 രൂപ |
| 5 | മൂലധന നിക്ഷേപം 25 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 1 കോടി രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 1000 രൂപ |
| 6 | മൂലധന നിക്ഷേപം 1 കോടി രൂപയിൽ കൂടുതലായതും എന്നാൽ 5 കോടി | 5000 |

| | | |
|---|---|---|
| | രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | |
| 7 | മൂലധന നിക്ഷേപം 5 കോടി രൂപയിൽ കൂടുതലായതും എന്നാൽ 10 കോടി രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 10000 |
| 8 | മൂലധന നിക്ഷേപം 10 കോടി രൂപയിൽ കൂടുതലുള്ള സംരംഭങ്ങൾ | 15000 |

**കാറ്റഗറി 2 സംരംഭങ്ങൾക്ക് ചുമത്തുന്ന 1 വർഷത്തേക്ക് ചുമത്തുന്ന ലൈസൻസ് ഫീ**

**(പട്ടിക1)**

**(ഫീസ് പട്ടിക 3)**

| ക്രമ നമ്പർ | വിഭാഗം | 1 വർഷത്തേക്ക് ചുമത്തുന്ന ലൈസൻസ് ഫീ |
|---|---|---|
| 1 | മൂലധന നിക്ഷേപം 1 ലക്ഷം വരെ | 100 രൂപ |
| 2 | മൂലധന നിക്ഷേപം 1 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 5 ലക്ഷം രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 200 രൂപ |
| 3 | മൂലധന നിക്ഷേപം 5 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 15 ലക്ഷം രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 300 രൂപ |
| 4 | മൂലധന നിക്ഷേപം 15 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 25 ലക്ഷം രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 500 രൂപ |
| 5 | മൂലധന നിക്ഷേപം 25 ലക്ഷം രൂപയിൽ കൂടുതലായതും എന്നാൽ 1 കോടി രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 1000 രൂപ |
| 6 | മൂലധന നിക്ഷേപം 1 കോടി രൂപയിൽ കൂടുതലായതും എന്നാൽ 5 കോടി രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 5000 |
| 7 | മൂലധന നിക്ഷേപം 5 കോടി രൂപയിൽ കൂടുതലായതും എന്നാൽ 10 കോടി രൂപയിൽ കവിയാത്തതുമായ സംരംഭങ്ങൾ | 10000 |
| 8 | മൂലധന നിക്ഷേപം 10 കോടി രൂപയിൽ കൂടുതലുള്ള സംരംഭങ്ങൾ | 15000 |

Document certified by MUHAMMED IQBAL V K
<IQBALVKIBRAHIM@GMAIL.COM>
Digitally signed by MUHAMMED IQBAL V K
Date: 2025.10.13 18:12:53 IST
Reason: KSMART